**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2891** **10-03-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എമർജൻസി ഓപ്പറേഷൻ സെന്റർ സജ്ജമാക്കുന്നതിന് വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയായിരുന്നു; ഈ ശിപാർശകൾ നടപ്പാക്കുന്നതിനായി ഏതൊക്കെ ഇനത്തിൽ എത്ര തുകയാണ് ആവശ്യപ്പെട്ടതെന്നും സർക്കാർ ഏതൊക്കെ ഇനത്തിൽ എത്ര തുക അനുവദിച്ചു എന്നും വ്യക്തമാക്കുമോ? | (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എമർജൻസി ഓപ്പറേഷൻ സെന്റർ സജ്ജമാക്കുന്നതിന് വനം വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ് ബഡ്ജറ്റ് & ഓഡിറ്റ്) നൽകിയ റിപ്പോർട്ടിൻ പ്രകാരം സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും (SFEOC), 36 വനം ഡിവിഷനുകളിൽ ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും (DFEOC) പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ശിപാർശയാണ് സമർപ്പിച്ചിരിക്കുന്നത്. ആവശ്യപ്പെട്ട ഇനങ്ങളും ഓരോ ഇനത്തിനും ആവശ്യപ്പെട്ട തുകയും അനുബന്ധം I-ആയി ചേർത്തിരിക്കുന്നു. ടി ശിപാർശയിൽ ആവശ്യപ്പെട്ടിരുന്ന 432.796 ലക്ഷം രൂപയിൽ വാഹനം ഒഴികെയുള്ള മറ്റെല്ലാ ഇനങ്ങൾക്കുമായി ആകെ 372.796 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| Sl. No. | Particulars of Work | Quantity | Rate (in lakhs) | Amount (in lakhs) |
|---|---|---|---|---|
| **I. Establishing State Emergency Operation Centre (SEOC) at Forest HQ** | | | | |
| 1 | Renovation of existing Room in Forest HQ | 1 No. | 3.40 | 3.40 |
| 2 | Smart Televisions having minimum 55" display | 6 Nos. | 0.80 | 4.80 |
| 3 | LED panel for display of maps | 4 Nos. | 1.50 | 6.00 |
| 4 | Mobile phones with minimum IP 67 rating and enterprise/industrial support | 2 Nos. | 0.35 | 0.70 |
| 5 | 4 G SIM card from BSNL | 2 Nos. | 0.002 | 0.004 |
| 6 | Lap top computer | 4 Nos. | 0.80 | 3.20 |
| 7 | Satellite Phones with one year GA-Annual pre-paid plan | 2 Nos. | 1.52 | 3.04 |
| 8 | Vehicle for emergency movement | 2 Nos. | 30.00 | 60.00 |
| 9 | Internet connectivity (One wired + One wireless) | 2 Nos. | 0.25 | 0.50 |
| | | | **Total** | **81.644** |
| **II. Establishing Division Emergency Operation Centres (DEOCs)** | | | | |
| 1 | Renovation of existing room in Forest Divisions (Territorial 25 + Wildlife 11) | 36 No. | 3.00 | 108.00 |
| 2 | Smart Televisions having minimum 55" Android (2 in each DEOCs) | 72 Nos. | 0.80 | 57.60 |
| 3 | Mobile phones with minimum IP 67 rating and enterprise/industrial support (including 28 RRTs) | 36 Nos. | 0.35 | 12.60 |
| 4 | 4 G SIM card from BSNL | 36 Nos. | 0.002 | 0.072 |
| 5 | Lap top computer (2 in each DEOCs) | 72 Nos. | 0.80 | 57.60 |
| 6 | Satellite Phones with one year GA-Annual pre-paid plan | 64 Nos. | 1.52 | 97.28 |
| 7 | Internet connectivity (One wired + One wireless) | 72 Nos. | 0.25 | 18.00 |
| | | | **Total** | **351.152** |
| | | | **Grand Total** | **432.796** |